ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/59666/2023-DB5 തീയതി: 10-07-2024

# സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ -2024-25-മാലിന്യ സംസ്കരണ പ്രൊജെക്ടുകൾക്ക മുൻഗണന നൽകുന്നത് - സംബന്ധിച്ച്

സൂചന: 1. ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2024 മെയ് 10-ന നടന്ന യോഗ തീരുമാനം-12

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ്റെ 2024-2025 കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2024 മെയ് 10-ന നടന്ന യോഗത്തിൽ, 2024-25 പദ്ധതി നിർവ്വഹണത്തിൽ ആദ്യ ക്വാർട്ടറിൽ മാലിന്യ സംസ്കരണ പ്രൊജെക്ടുകൾ ആദ്യം നിർവ്വഹണം നടത്തണമെന്നും , അതിന ശേഷം മറ്റ പ്രോജക്ടുകളുടെ നിർവഹണം നടത്തുന്നതിനും പ്രത്യേക നിർദേശം ലഭ്യമായിട്ടുള്ളതാണ് . ഈ സാഹചര്യത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രൊജെക്ടുകൾക്ക് മുൻഗണന നൽകുന്നതിന് എൻജിനീയർമാർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ് .

Signed by
Sandeep K G
Date: 10-07-2024 16:03:25

വിശ്വസ്തതയോടെ,
Sandeep K G
CHIEF ENGINEER

ഉള്ളടക്കം : 1. Minutes of the Meeting.

<u>മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ **2024-2025** കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനു ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ **2024** മെയ് **10**-നു തമ്പാനൂരിലെ ഹോട്ടൽ അപ്പോളോ ഡിമോറയിൽ രാവിലെ **10** മണി മുതൽ ഉച്ചയ്ക്ക് **1.30** വരെ നടന്ന യോഗത്തിന്റെ **നടപടി കുറിപ്പ്**</u>

യോഗം രാവിലെ 10:20 നു ആരംഭിച്ചു.

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ 2023-24 വർഷം കൈവരിച്ച ഭൗതിക നേട്ടങ്ങൾ, സമൂഹത്തിൽ ചെലുത്തിയ സ്വാധീനം, ക്യാമ്പയിൻ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനായി നേരിടുന്ന വെല്ലുവിളികൾ, ആവശ്യമായ ഇടപെടലുകൾ, അടുത്തഘട്ടത്തിലെ ക്യാമ്പയിൻ കർമ്മപരിപാടിയുടെ ചർച്ച എന്നീ ഉദ്ദേശങ്ങളോടെയാണ് യോഗം ചേർന്നിരിക്കുന്നത് എന്ന് ത.സ്വ.ഭ.വ അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി സംസാരിച്ചു. ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി ചില പ്രദേശങ്ങളിൽ മികച്ച മാറ്റം ദൃശ്യമാണെന്നും, മറ്റുള്ള പ്രദേശങ്ങളിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേരിടുന്ന തടസ്സങ്ങൾ മനസ്സിലാക്കുന്നതിനും, ഇത്തരത്തിൽ ഒരു ക്യാമ്പയിൻ പ്രവർത്തിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഫീൽഡ് തലത്തിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പങ്കിടുന്നതിനുമായാണ് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി, കോഴിക്കോട് ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്റർ, തിരുവനന്തപുരം ,എറണാകുളം, കോട്ടയം ജില്ലകളിലെ ക്യാമ്പയിൻ കോ-കോർഡിനേറ്റർമാർ, പത്തനംതിട്ട JD, കണ്ണൂർ ജില്ലാ CKCL മാനേജർ എന്നിവരെ കൂടി യോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും യോഗത്തിൽ സന്നിഹിതരായവരെ സ്വാഗതം ചെയ്തുകൊണ്ട് ത.സ്വ.ഭ.വ അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞു.

2023 സെപ്റ്റംബറിൽ 18-നു തയ്യാറാക്കിയ കർമ്മപരിപാടിയിലെ പതിനഞ്ചു തീരുമാനങ്ങളിലെ പ്രധാനപ്പെട്ട വിഷയങ്ങളായ; ഹരിതകർമ്മസേനയുടെ പൂർണ വിന്യാസം (2023 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കുക), 100% യൂസർഫീ പിരിവ് (2023 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കുക), മുഴുവൻ വാർഡുകളിലും മിനി MCF ഉറപ്പുവരുത്തുക, പരാതി സമർപ്പണത്തിനു കേന്ദ്രീകൃത സംവിധാനം (ഒറ്റ വാട്ട്സപ്പ് നമ്പർ), വലിയ മാലിന്യ ഉൽപ്പാദകർ (BWG), ക്യാമറ നിരീക്ഷണം, ബിന്നുകൾ സ്ഥാപിക്കൽ, ഇൻസിനറേറ്റർ സ്ഥാപനവും സാനിറ്ററി മാലിന്യ സംസ്കരണവും, എന്നിവയിൽ കേന്ദ്രീകരിച്ചുകൊണ്ടായിരിക്കണം പ്രവർത്തന അവലോകനം എന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു.

തുടർന്ന് മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ആരംഭഘട്ടത്തിലെയും (മാർച്ച് 2023) മാർച്ച് 2024 ലെ സ്ഥിതിവിവര കണക്കുകൾ താരതമ്യം ചെയ്ത് ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ അവലോകനം ശ്രീ. ശിവജിത്ത് അവതരിപ്പിച്ചു. ചുവടെ ചേർക്കുന്നവയാണ് പ്രധാനമായുള്ള ക്യാമ്പയിൻ നേട്ടങ്ങൾ.

| ക്യാമ്പയിൻ നേട്ടങ്ങൾ | | | |
|---|---|---|---|
| ക്രമ നമ്പർ | | **2023** മാർച്ച്-ൽ | **2024** മാർച്ച്-ൽ |
| 1 | വാതിൽപ്പടി ശേഖരണം | 47% | 87% |
| 2 | യൂസർ ഫീ | 34.90% | 68% |
| 3 | മിനി MCF | 7446 | 17393 |
| 4 | MCF | 1160 | 1247 |
| 5 | RRF | 87 | 164 |

| | | | |
|---|---|---|---|
| 6 | ഹരിതകർമ്മ സേന | 33,378 | 36,510 |
| 7 | എത്ര ഇടങ്ങളിൽ ക്യാമറ നിരീക്ഷണം | No data | 816 |
| 8 | ശേഖരണ സംവിധാനം - CKCL | 17<br><br>(87,300 sq.ft.) | 24<br><br>(1,25,300 sq.ft.) |
| 9 | ശേഖരണ സംവിധാനം - സ്വകാര്യ ഏജൻസികൾ | No data | 79 |
| 10 | എംപാനൽ ചെയ്ത സ്വകാര്യ ഏജൻസികൾ | 74 (biobin/crematorium) | 118<br><br>(bio/non-bio/special waste) |
| 11 | സാനിട്ടറി മാലിന്യ സംസ്കരണം – കമ്മ്യൂണിറ്റി സംവിധാനം | No data | 1 (13 പ്രൊജക്റ്റുകൾ നിലവിൽ) |
| 12 | ബിന്നുകളുടെ എണ്ണം | No data | 169270 |
| 13 | ഹരിതമിത്രം – സേവനം ഉപയോഗപ്പെടുത്തുന്നവർ | 11.24 Lakh | 40.68 Lkh |
| 14 | ഹരിത മിത്രം- സേവനം നൽകുന്ന LSG കളുടെ എണ്ണം | 376 | 880 |
| 15 | CKCL മായി കരാർ ഉള്ള LSG കളുടെ എണ്ണം | 673 | 712 |
| 16 | ലിഫ്റ്റ് ചെയ്ത മാലിന്യം – CKCL | 30217 Ton (2022-23) | 47548.701 Ton (2023-24) |
| 17 | ലിഫ്റ്റ് ചെയ്ത മാലിന്യം – സ്വകാര്യ ഏജൻസികൾ (പ്രതിമാസം) | No data | 5380 ton |
| 18 | ഹരിതകർമ്മ സേനക്ക് നൽകിയ തുക – CKCL | 4.93 Crore (2022-23) | 8.57 Crore (2023-24) |
| 19 | എൻഫോഴ്സ്മെന്റ് – ആകെ പരിശോധനകൾ | 1138 | 36450 |
| 20 | എൻഫോഴ്സ്മെന്റ് – ആകെ ചുമത്തിയ പിഴ | 2.9 Lakh | 4.05 Crore |
| 21 | എൻഫോഴ്സ്മെന്റ് – ആകെ ഈടാക്കിയ പിഴ | 1.3 Lakh | 1.16 Crore |
| 22 | 5000 രൂപക്ക് മുകളിൽ വരുമാനം ഉള്ള ഹരിത കർമ്മ സേനകൾ | 18109 | 29763 |
| 23 | 10,000 രൂപക്ക് മുകളിൽ വരുമാനം ഉള്ള ഹരിത കർമ്മ സേനകൾ | 6758 | 15058 |
| | | **2022-23** | **2023-24** |
| 24 | ഖരമാലിന്യ സംസ്കരണ പ്രൊജക്റ്റുകൾ | 12756 | 15769 |
| 25 | പ്രൊജക്റ്റ് തുക | 924.8 Crore | 1591.53 Crore |

ക്യാമ്പയിൻ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമായി അവതരണത്തിൽ സൂചിപ്പിച്ചു. ഇതോടൊപ്പം ക്യാമ്പയിൻ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളും അവതരണത്തിൽ ഉൾപ്പെടുത്തിയിരുന്നു. അവ ചുവടെ പറയുന്നവയാണ്.

1. കഴിഞ്ഞ ഒരു വർഷത്തിൽ അജൈവ മാലിന്യത്തിന്റെ ശേഖരണവും MCF-കളിലെക്കുള്ള മാലിന്യത്തിന്റെ ഒഴുക്കും വൻതോതിൽ വർദ്ധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനായുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിലും, ആവശ്യമായ സംവിധാനങ്ങൾ ഇല്ല.

2. സാമ്പത്തിക പ്രതിസന്ധിമൂലം പ്രോജക്ടുകൾ വൈകുന്നു, ഉപേക്ഷിക്കുന്നു.

3. ക്യാമ്പയിനു വേണ്ടി പ്രത്യേക ഫണ്ടിന്റെ അഭാവം പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.

4. തിരഞ്ഞെടുപ്പ് സൃഷ്ടിച്ച പ്രതിസന്ധി: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ വാഹനങ്ങൾ തിരഞ്ഞെടുപ്പ് കമ്മിഷൻ ഏറ്റെടുത്തതിനാലും, വകുപ്പ് തലവന്മാരെ വിവിധ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നിരീക്ഷകർ ആയി നിയോഗിച്ചതിനാലും, തിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള വാഹന പരിശോധന – മാലിന്യം നീക്കം പ്രവർത്തനത്തിൽ വൈകിയതിനാലും മാലിന്യ സംസ്കരണ-പരിപാലന പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാക്കി. റീസൈക്കിൾ മേഖലയിലെ അന്യസംസ്ഥാന തൊഴിലാളികൾ തിരഞ്ഞെടുപ്പിനായി അവരുടെ സംസ്ഥാനങ്ങളിലേക്ക് തിരികെ പോയതും പ്രതിസന്ധി സൃഷ്ടിച്ചു.

5. വേനൽക്കാല പ്രതിസന്ധി : വാതിൽപ്പടി ശേഖരണത്തിനായി പോകുന്ന ഹരിത കർമ്മ സേനയുടെ ജോലിയുടെ സമയക്രമീകരണത്തിൽ ഭേദഗതി വരുത്തിയത് ശേഖരണത്തെ ബാധിച്ചു. കൂടാതെ, വേനൽക്കാലത്തെ വർധിച്ചു വരുന്ന താപനിലയിൽ, സംഭരണ കേന്ദ്രങ്ങളിൽ ചെറുതും വലുതുമായ അഗ്നിബാധകൾ ഉണ്ടാകുന്നതിന് ഇടയാക്കുകയും സംഭരണ സംവിധാനത്തെ താത്കാലികമായി ബാധിക്കുകയും ചെയ്തു.

6. വാതിൽപ്പടി ശേഖരണത്തിലെ വിടവുകൾ : കൃത്യമായ നിർദേശങ്ങൾ നൽകിയിട്ടും, ഹരിത കർമ്മ സേന എല്ലാ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നില്ല. മാലിന്യ നീക്കത്തിനായുള്ള തിയ്യതി മുൻകൂട്ടി അറിയിക്കുന്നില്ല. യുസർ ഫീ പിരിക്കുന്നതിലും ലക്ഷ്യം നേടാൻ സാധിക്കാതെ പോകുന്നു.

7. എൻഫോഴ്‌സ്മെന്റ്: യുസർ ഫീ നല്കാത്തവർക്കെതിരെ, സംവിധാനങ്ങൾ ഒരുക്കാത്ത BWG കൾക്കെതിരെ നിയമനടപടികൾ എടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നു.

8. മറ്റു പ്രശ്നങ്ങൾ: സർക്കാർ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിൽ അപാകത, നിലവിലുള്ള ഡാറ്റ എൻട്രിയിലെ പ്രശ്നങ്ങൾ.

ഇതോടൊപ്പം രണ്ടാം വർഷത്തിൽ ക്യാമ്പയിൻ ജനകീയമാക്കുന്നതിനുള്ള കർമ്മ പരിപാടികൾക്കായി ക്യാമ്പയിൻ സെക്രട്ടേറിയേറ്റ് തയ്യാറാക്കിയ കരട് ആക്ഷൻ പ്ലാൻ കുമാരി. സുഹാന അവതരിപ്പിച്ചു. ഇതിൽ പ്രധാനപ്പെട്ട ചില പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. യുവതയുടെ ഭാഗമായി: യൂത്ത് മീറ്റ്സ് ഹരിതകർമ്മ സേന 2.0 , യുവജന കോൺക്ലേവ്, യുവജന സംഘടനകൾക്ക് മഹാത്മാ ട്രോഫി അവാർഡ്,

2. കുട്ടികളുടെ ഭാഗമായി: കുട്ടികളുടെ സംസ്ഥാന തല കോൺക്ലേവ്, കുട്ടികളുടെ നേതൃത്വത്തിൽ ശുചിത്വ ഓഡിറ്റ്, സ്കൂൾ തല ഗ്രേഡിംഗ്

3. തദ്ദേശ സ്ഥാപനം നേതൃത്വം നൽകേണ്ടവ : ശുചിത്വ സദസ്സ്, ശുചിത്വ പദയാത്ര

4. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ റേറ്റിംഗ്

5. കുടുംബശ്രീ: എ.ഡി.എസ് തല ശുചിത്വ കൺവെൻഷൻ, കുടുംബശ്രീ ഹരിത കുടുംബ സദസ് ,

[illegible]
മാലിന്യമുക്ത അയൽക്കൂട്ടം

6. മാലിന്യമുക്തം നവകേരളം - മെഗാ ഇവന്റ്

7. MASSIVE OPEN ONLINE COURSE

8. മാലിന്യ മുക്ത റെയിൽവേ സ്റ്റേഷൻ, മാലിന്യ മുക്ത KSRTC ബസ് സ്റ്റേഷൻ

ക്യാമ്പയിൻ അവതരണത്തിനു ശേഷം ജില്ലകളിൽ നിന്ന് യോഗത്തിൽ പങ്കെടുത്ത പ്രതിനിധികൾ ഫീൽഡ് തല അനുഭവങ്ങളും, പ്രശ്നങ്ങളും അടിസ്ഥാനമാക്കി പ്രതികരിച്ചു. വകുപ്പ് മേധാവികളുടെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. KSWMP പ്രോജെക്ട് ഡയറക്ടർ

- IEC പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ആവശ്യമായ കണ്ടന്റ് വികസിപ്പിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കും. നഗരപ്രദേശങ്ങളിലേക്കുള്ള IEC ഫണ്ട് KSWMP യിൽ നിന്നും വിനിയോഗിക്കാം.

2. തിരുവനന്തപുരം കോർപറേഷൻ സെക്രട്ടറി

- കോർപറേഷൻ പരിധിയിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വലുപ്പവും, ശേഷിയും, മനസിലാക്കി കൃത്യമായ പാഴ്വസ്തു നീക്കത്തിനായുള്ള പ്ലാൻ തയ്യാറാക്കി ഓരോ പ്രദേശങ്ങൾക്കും JHI മാരെ ചുമതലപ്പെടുത്തിയത് ഒരു സിസ്റ്റം വികസിപ്പിക്കുന്നത് വഴി മോണിറ്ററിംഗ് കൂടുതൽ സുഗമമമാക്കി. സമയബന്ധിതമായി തിരുവനന്തപുരം നഗരസഭയിൽ വാതിൽപ്പടി ശേഖരണത്തിനും, പാഴ്വസ്തു നീക്കത്തിനും കൃത്യമായ കർമ്മപദ്ധതി നടപടി സ്വീകരിക്കും.

3. ഡയറക്ടർ ജനറൽ, കില

- മാലിന്യ ശേഖരണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന് അനുസൃതമായി, സംഭരണത്തിനും, പാഴ്വസ്തുനീക്കത്തിനുമായുള്ള അടിസ്ഥാന സംവിധാനങ്ങൾ വർധിപ്പിക്കുന്നതിനും മുൻതൂക്കം നൽകണം.

- ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കായി പ്രത്യേകം സാമ്പത്തികം പരിഗണിക്കേണ്ട വിഷയമാണ്.

4. JD പത്തനംതിട്ട

- MLA മാരുടെ സഹരണത്തോടെ ജില്ലയിലെ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ കൂടുതൽ മാറ്റം കൊണ്ടുവന്നു. മാലിന്യമുക്തം നവകേരളം വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. മാലിന്യസംസ്കരണ സന്ദേശം പമ്പാനദി കേന്ദ്രീകരിച്ച് ക്യാമ്പയിൻ രൂപപ്പെടുത്തും.

5. കോഴിക്കോട് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ

- ദ്രവമാലിന്യ സംസ്കരണത്തിനായുള്ള പ്രവർത്തനങ്ങൾ ഇതിനോടൊപ്പം ഉൾപ്പെടുത്തണം.

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ PCB യുടെ നേതൃത്വപരമായ ഇടപെടൽ ആവശ്യമാണ്. എൻഫോഴ്സ്മെന്റ് സമയത്തു നേരിടുന്ന സാങ്കേതികമായ സംശയങ്ങളിൽ സാങ്കേതിക പിന്തുണ ആവശ്യമാണ്.

- മറ്റു വകുപ്പുകളുടെ സഹകരണം മാലിന്യ സംസ്കരണ മേഖലയിൽ ഉറപ്പുവരുത്തണം.

6. എറണാകുളം കോ-കോർഡിനേറ്റർ

- MLA മാരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ ഇടപെടലുകളോടെ ക്യാമ്പയിൻ കൂടുതൽ ശക്തിപ്പെടുത്താൻ സാധിക്കും. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, പ്രതിനിധികളുടെയും നേതൃത്വപരമായ ഇടപെടൽ ഉറപ്പാക്കാൻ കഴിയണം.

7. കോട്ടയം കോ-കോർഡിനേറ്റർ

- ഹരിതകർമ്മ സേനയുടെ വിനിയോഗം ഭൂപ്രകൃതിക്കും, ജനസംഖ്യക്കും, അനുസരിച്ച് നിശ്ചിക്കുന്നതു വഴി കൂടുതൽ വരുമാനം ഉണ്ടാകുന്നതിനു സാധിക്കും. ഒരു വാർഡിൽ രണ്ട് ഹരിത കർമ്മ സേന എന്ന തീരുമാനത്തേക്കാൾ, മുഴുവൻ വീട്ടുകൾക്കും, സ്ഥാപനങ്ങൾക്കും സമയ ബന്ധിതമായി സേവനം നൽകാൻ ആവശ്യമായ എണ്ണം എന്ന തീരുമാനിക്കുന്നതാണ് ഉചിതം.

- ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം ആവശ്യമാണ്.

- ഓരോ തദ്ദേശ സ്ഥാപനത്തിലെയും ഹരിത കർമ്മ സേനയെ സ്ഥാപനവൽക്കരിക്കുക. ഗ്രീൻ ടെക്നോളജി സെന്ററുകളായി മാറ്റുന്നതിന് ഇടപെടലുകൾ കൊണ്ടുവരിക

- മാലിന്യം കുറക്കുന്നതിന് ഊന്നൽ നൽകുക. സമൂഹത്തിൽ മാലിന്യം ഉത്പാദനം കുറക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക.

8. തിരുവനന്തപുരം കോ-കോർഡിനേറ്റർ

- പെൻഷൻ യൂണിയനിലെ പ്രവർത്തിപരിചയമുള്ള അംഗങ്ങളുടെ സേവനം ക്യാമ്പയിനിൽ കൂടുതൽ പ്രയോജനപ്പെടുത്തണം.

- ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആവശ്യമാണ്.

ക്യാമ്പയിൻ ആദ്യ വർഷ (മാർച്ച് 2023- മാർച്ച് 2024) പ്രവർത്തനങ്ങളിൽ ജനങ്ങളുടെ മാലിന്യ സംസ്കരണ പരിപാലനത്തോടുള്ള പെരുമാറ്റത്തിൽ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്, എങ്കിലും വരും വർഷത്തിലെ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ സമ്പൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, ജനങ്ങളുടെ ശീലത്തിലും മനോഭാവത്തിലും മാറ്റം ഉണ്ടാക്കുന്നതിനോടൊപ്പം സാംസ്കാരികമായും മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകണമെന്നും ബഹു. മന്ത്രി അഭിപ്രായപ്പെട്ടു. ക്യാമ്പയിൻ മുൻതൂക്കം നൽകേണ്ട പ്രധാന വിഷയങ്ങൾ ചുവടെ പറയുന്നവയാണ് എന്നും ബഹു: മന്ത്രി അറിയിച്ചു.

1. വലിച്ചെറിയാതിരിക്കുക

2. മാലിന്യം കുറയ്ക്കുക

3. മാലിന്യം തരംതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് നൽകുക. പരമാവധി തരം തിരിച്ച് പുനചംക്രമണത്തിനായി കൈമാറണം.

4. നിയമ ഭേദഗതികൾ, നിയമപരമായ ഉത്തരവാദിത്വങ്ങൾ എന്നിവ സമൂഹത്തെ ബോധവൽക്കരിക്കുക.

ജനങ്ങളിൽ പൗരബോധം ഉണ്ടാക്കുക എന്നാണ് ഈ വിഷയങ്ങളിലൂടെ ലക്ഷ്യം വെക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. തുടർന്ന് ക്യാമ്പയിൻ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തേണ്ട മറ്റു ചില വിഷയങ്ങൾ ബഹു. മന്ത്രി നിർദേശിച്ചു.

1. സമയം പുനർ ക്രമീകരിക്കണം

   കരട് ആക്ഷൻ പ്ലാനിലെ ചില പ്രവർത്തനങ്ങളുടെ സമയം പുനർ ക്രമീകരിക്കണം. ഉദാ: ശുചിത്വ സന്ദേശ പദയാത്ര മഴക്കാലങ്ങളിൽ നിശ്ചയിക്കുന്നത് ഉചിതമല്ല.

2. ഗൃഹ സദസ്സുകൾ

   ശുചിത്വ സദസ്സുകൾ ഗൃഹ സദസ്സുകൾ ആക്കി മാറ്റുക. 10 മുതൽ 20 വരെ വീടുകൾ ഉൾപ്പെടുത്തി ഓരോ വാർഡിലും വാർഡ് മെമ്പറുടെ ഉത്തരവാദിത്വത്തിൽ ഗൃഹ സദസ്സുകൾ നടത്തുക.

3. കുട്ടികളിലൂടെയുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ

   ശുചിത്വ അംബാസഡർമാരാവുന്ന സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലൂടെ behavioral change എന്ന യജ്ഞം വീടുകളിലേക്ക് എത്തിക്കുന്നതിന് പ്രത്യേക കർമ്മപരിപാടി/ പ്രൊപ്പോസൽ തയ്യാറാക്കി വിദ്യാഭ്യാസ വകുപ്പിന് നൽകണം.

   a. സ്കൂളുകളിലെ 'പ്രവർത്തിപരിചയം' എന്ന പീരിയഡ്, കുറഞ്ഞത് ഒരു വർഷത്തേക്ക് മാലിന്യ സംസ്കരണ ശുചിത്വ പ്രവർത്തന വേളയാക്കി മാറ്റുന്നതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുക.

   b. ആഴ്ചയിലൊരിക്കൽ സ്കൂളുകളിൽ ശുചിത്വ അസംബ്ലി സംഘടിപ്പിക്കുക.

   c. ഓരോ വിദ്യാർത്ഥിയും അവരവരുടെ വീടുകളിൽ മാലിന്യം കൈകാര്യം ചെയ്യുന്നതിൽ വന്ന മാറ്റം ഒരു പ്രോഗ്രസ് റിപ്പോർട്ട് മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്നതിലൂടെ കുട്ടികളുടെ അക്കൗണ്ടബിലിറ്റി വർധിപ്പിക്കാൻ സാധിക്കും.

   d. സ്കൂളുകളിലെ ശുചിത്വ ക്ലബ്ബ്, എല്ലാ ക്ലാസ് മുറികളിലും തരംതിരിച്ച മാലിന്യം നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ, എന്നിവയിലൂടെ behavioral change കുട്ടികളിലൂടെ ആരംഭിക്കാം.

   e. ഒരു അവധി ദിവസം 50 ലക്ഷത്തോളം ഉള്ള സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കൊണ്ടുള്ള മാസ്സീവ് ഗൃഹ സന്ദർശന പരിപാടിയും ബോധവൽക്കരണവും

പരിഗണിക്കാവുന്നതാണ്.

f. സ്കൂൾ ലീഡർമാരെ കോൺക്ലേവിൻറെ ഭാഗമാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി കോൺക്ലേവ് നടത്താം.

g. PTA, എയിഡഡ് സ്കൂൾ മാനേജ്മെൻറ് അസോസിയേഷനുകൾ, അധ്യാപക സംഘടനകൾ, കുട്ടികളുടെ സംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

2. എം.എൽ.എ-മാരും, തദ്ദേശസ്ഥാപനങ്ങളും ഒരുമിച്ച് മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കണം

എം.എൽ.എ-മാർ മുൻകൈയെടുത്ത് നടത്തിയ മാതൃകാ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുക.

5. തദ്ദേശസ്ഥാപന തല ക്യാമ്പയിൻ സംവിധാനം

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് മാതൃകയിൽ തദ്ദേശസ്ഥാപനതലങ്ങളിലും ഒരു ക്യാമ്പയിൻ ടീം ഉണ്ടാകണം. ഇത് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഒരു ഉത്തരവിലൂടെ ഉറപ്പാക്കണം. തദ്ദേശ സ്ഥാപന തലത്തിലെ ഈ ക്യാമ്പയിനിന്റെ അധ്യക്ഷൻ വൈസ് പ്രസിഡണ്ടും, ചെയർമാൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സണുമായി നിശ്ചയിക്കണം.

6. മറ്റു വകുപ്പുകളുടെ സഹകരണം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ മാത്രം ഉത്തരവാദിത്വമായി മാലിന്യ സംസ്കരണം പരിമിതപ്പെടുത്താതെ, മറ്റു വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കണം.

7. റെസിഡൻസ് അസോസിയേഷൻ

റെസിഡൻസ് അസോസിയേഷനുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന കർമ്മപരിപാടി തയ്യാറാക്കണം.

8. ഇതര സംസ്ഥാന തൊഴിലാളികളുടെ സഹകരണം ഉറപ്പാക്കണം

അതിഥി തൊഴിലാളികൾക്കായി ക്യാമ്പയിൻ പ്രവർത്തനങ്ങൾ അവരുടെ ഭാഷയിൽ മെറ്റീരിയൽ തയ്യാറാക്കി നൽകിയും, സോഷ്യൽ മീഡിയ വഴിയും പ്രചരിപ്പിക്കണം.

9. മത നേതാക്കളുടെ യോഗം

മത നേതാക്കളുമായി യോഗം വിളിച്ചു ചേർക്കണം. പ്രഭാഷണങ്ങളിൽ മാലിന്യ സംസ്കരണവും പരിപാലനവും സംബന്ധിച്ച വിഷയം ഉൾപ്പെടുത്തുന്നതിനും കഴിയണം. ഇതും സമൂഹത്തിൽ സ്വാധീനം ചെലുത്താൻ സഹായിക്കും.

10. സോഷ്യൽ മീഡിയ പ്രചാരണം

സെലിബ്രിറ്റികളുടെ യോഗം വിളിച്ചു ചേർക്കണം. മികച്ച റീച്ച് ഉള്ള യൂട്യൂബർമാരെ കണ്ടെത്തി സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണത്തിനു ഉപയോഗപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടി

തയ്യാറാക്കണം.

ഈ യോഗം വരും നാളുകളിലേക്കുള്ള പ്രവർത്തനങ്ങളുടെ മുന്നൊരുക്കത്തിനായുള്ള യോഗമായി പരിഗണിക്കണം. ഇന്നത്തെ ചർച്ചയുടെ അടിസ്ഥാനത്തിൽ അവതരിപ്പിച്ച കർമ്മപരിപാടി പരിഷ്കരിച്ച് അംഗീകാരം നൽകി നിർവഹണത്തിലേക്ക് കടക്കാം എന്ന് ബഹു. മന്ത്രി കൂട്ടിച്ചേർത്തു.

തീരുമാനങ്ങൾ

1. ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ക്യാമ്പയിൻ കർമ്മപരിപാടി പരിഷ്കരിക്കണം.

(നടപടി : ക്യാമ്പയിൻ സെക്രട്ടേറിയേറ്റ് )

2. വൻതോതിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായകമായ രീതിയിൽ ക്യാമ്പയിൻ കർമ്മ പരിപാടി തയ്യാറാക്കണം.

(നടപടി : PD LSGD, ക്യാമ്പയിൻ സെക്രട്ടേറിയേറ്റ്, ശുചിത്വ മിഷൻ)

3. കുട്ടികൾ/യുവതയെ കേന്ദ്രീകരിച്ചുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ക്യാമ്പയിൻ പരിപാടിയിൽ ചിട്ടപ്പെടുത്തണം.

(നടപടി : ക്യാമ്പയിൻ സെക്രട്ടേറിയേറ്റ്)

4. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും യൂസർഫീ നല്കാത്തവരിൽ നിന്നും കെട്ടിട നികുതിക്കൊപ്പം പിഴ ഈടാക്കണം എന്ന നിർദ്ദേശം പാലിക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കണം. യൂസർഫീ നൽകാൻ വിമുഖത കാണിക്കുന്നവർക്ക് തദ്ദേശ സ്ഥാപനതലത്തിൽ ഡ്രൈവ് സംഘടിപ്പിച്ച് ബോധവത്കരണം നൽകണം.

(നടപടി : PD LSGD)

5. ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണത്തിൽ കുറവുള്ള തദ്ദേശ സ്ഥാപനങ്ങളിൽ അവ നികത്തി ആവശ്യമായ മനുഷ്യവിഭവ ശേഷി ഉറപ്പുവരുത്തണം. വരും മാസങ്ങളിൽ ഹരിത കർമ്മ സേനയുടെ എണ്ണം 40000 എത്തിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണം.

(നടപടി : PD LSGD)

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗ്യാപ് മനസിലാക്കുകയും, നിലവിലുള്ളവയുടെ സംഭരണ ശേഷി വർധിപ്പിക്കുകയും, നിലവിൽ സംഭരണ സംവിധാനങ്ങൾ ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങളിൽ ഗോഡൗണുകൾ/ സംഭരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

(നടപടി : PD LSGD)

7. ശുചിത്വ മിഷൻ എംപാനൽമെന്റ് നൽകാത്ത സ്വകാര്യ ഏജൻസികൾ ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു എന്നുള്ള വിവരങ്ങൾ ശേഖരിക്കണം.

(നടപടി : PD LSGD)

8. ഏജൻസിയുടെ എംപാനൽമെൻറ് നടപടികൾ വേഗത ത്വരിതപ്പെടുത്തുക. മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള എല്ലാ ഏജൻസികൾക്കും നടപടിക്രമങ്ങൾ പാലിച്ച് അടിയന്തിരമായി എംപാനൽമെൻറ് ചെയ്യുക. ഓരോ തദ്ദേശ സ്ഥാപനവും ഇത്തരം സ്വകാര്യ ഏജൻസികളെ എംപാനൽമെന്റ് ചെയ്യിക്കുന്നതിനായി പ്രവർത്തനങ്ങൾ സ്വീകരിച്ച്, എംപാനെൽമെൻറ് ഉറപ്പുവരുത്തണം.

(നടപടി :PD LSGD, ശുചിത്വ മിഷൻ)

9. പൊതുയിടങ്ങളിൽ സ്ഥാപിക്കുന്ന ബിന്നുകൾക്ക് ശാസ്ത്രീയ മാനദണ്ഡം നിശ്ചയിക്കണം.പൊതുജനങ്ങൾ കൂടുതൽ വരുന്ന പ്രദേശങ്ങൾ, ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തരം, മാലിന്യത്തിന്റെ അളവ്, ജനസംഖ്യ, കെട്ടിടത്തിന്റെ/ പ്രദേശത്തിന്റെ വിസ്തീർണം എന്നത് കൂടെ പരിഗണിച്ച് ആയിരിക്കണം ബിന്നുകൾ തമ്മിലുള്ള ദൂരം , ബിന്നുകളുടെ എണ്ണം എന്നിവ സംബന്ധിച്ച മാനദണ്ഡം വികസിപ്പിക്കേണ്ടത്.

(നടപടി : ശുചിത്വ മിഷൻ, PD LSGD)

10. വരുന്ന നാലുമാസത്തിനകം RDF പ്ലാന്റുകൾ എല്ലാ ജില്ലയിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് ഉറപ്പുവരുത്തണം.

(നടപടി : PD -LSGD, ശുചിത്വ മിഷൻ)

11. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നവർക്കെതിരെ സ്വീകരിച്ച നടപടിയിൽ, പിഴ ചുമത്തിയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. പിഴതുകയിൽ ഇളവ് വരുത്താൻ പാടില്ല.

(നടപടി : PD LSGD)

12. 2024-25 പദ്ധതി നിർവഹണത്തിൽ ആദ്യ ക്വാർട്ടറിൽ മാലിന്യ സംസ്കരണ പ്രൊജെക്ടുകൾ ആദ്യം നിർവഹണം നടത്തണം. അതിനു ശേഷം മറ്റു പ്രോജക്ടുകളുടെ നിർവഹണം നടത്തുക.

(നടപടി : CE LSGD)

13. മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. മിനി MCF, MCF (എല്ലാ സൗകര്യങ്ങളും), ഹരിതകർമ്മ സേനക്കുള്ള സൗകര്യങ്ങൾ/ വാഹനം തുടങ്ങിയ സൗകര്യങ്ങൾ ഗ്യാപ് പരിശോധിച്ച് പരിഹാര നടപടികളും പ്രോജെക്ടുകളും ഉറപ്പാക്കണം.

(നടപടി : PD LSGD)

14. എല്ലാ തരത്തിലുമുള്ള മാലിന്യം ശേഖരിക്കുന്നതിന് ഹരിത കർമ്മ സേനക്ക് നൽകിയിരുന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കിയെന്ന് ഉറപ്പാക്കണം.

(നടപടി : കുടുംബശ്രീ)

15. വിൽപ്പനയിൽനിന്നും ലഭിക്കുന്ന വരുമാനം യൂസർഫീസുകൾ, പാഴ്‌വസ്തു വില്പന, ഇനോക്കുലം വില്പന, മാലിന്യസംസ്കരണത്തിലെ അധിക സേവനങ്ങൾ തുടങ്ങി വ്യത്യസ്ത സ്രോതസ്സുകളിലൂടെ

വരുമാനം വർദ്ധിപ്പിക്കുകയും, HKS യുടെ വരുമാനം ഉറപ്പാക്കുകയും, കൂടാതെ LSG ക്കും ഇതിൽനിന്ന് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന തരത്തിൽ ഒരു ബിസിനസ് മോഡൽ തയ്യാറാക്കണം.

(നടപടി :PD LSGD, ശുചിത്വ മിഷൻ, CKCL, കുടുംബശ്രീ )

16. ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ്, അംഗങ്ങളുടെ എണ്ണം, വീടിന്റെ വലുപ്പം തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി യൂസർഫീ നിരക്ക് വ്യത്യാസപ്പെടുത്തുന്ന കാര്യം പരിഗണിക്കണം.

(നടപടി :PD LSGD)

17. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളിലൂടെ ശേഖരിക്കുന്ന വൻതോതിലുള്ള മാലിന്യം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം ട്രാൻസ്പോർട്ടേഷൻ പ്ലാൻ, ലിഫ്റ്റിംഗ് പ്ലാൻ എന്നിവ തയ്യാറാക്കണം.

(നടപടി : PD LSGD, ED ശുചിത്വ മിഷൻ, MD CKCL)

18. വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസ് ജൂൺ മാസത്തിൽ പുതുക്കി നൽകേണ്ടത് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കി വേണം.

(നടപടി : PD LSGD)

19. പ്രവർത്തനക്ഷമമല്ലാത്ത/ഉപയോഗിക്കാതെ കിടക്കുന്ന RRF അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണം അല്ലെങ്കിൽ CKCL നു കൈമാറണം. നടപടി ജൂൺ 30-നു മുൻപ് പൂർത്തിയാക്കണം.

(നടപടി : PD LSGD)

20. CKCL ന്റെ അധീനതയിലുള്ള RRF കൾ പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട നടപടി ജൂൺ 30-നു മുൻപ് പൂർത്തിയാക്കണം.

(നടപടി : MD CKCL )

21. മാലിന്യമുക്തം നവകേരളം ജനകീയമായി ക്യാമ്പയിനിലൂടെ സംവിധാനങ്ങൾ ഒരുക്കുന്നതിനും, സേവനം നൽകുന്നതിനും, മനോഭാവം/ ശീലവൽക്കരണത്തിനും ശ്രമിക്കുന്നു. ഇത് ഫലപ്രദമാക്കുന്നതിനു ഉദ്യോഗസ്ഥ തലത്തിൽ സമയ ബന്ധിതമായി നിർവഹിക്കേണ്ട നിരവധി പ്രവർത്തനങ്ങളും നടപടികളും ഉണ്ട്. ഇതിനായി വകുപ്പുകൾ/മിഷനുകൾക്ക് ഉള്ളിൽ ക്യാമ്പയിൻ രീതിയിൽ ചുമതലാ നിർവഹണം നടക്കണം. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഉത്തരവുകളും, സർക്കുലറുകളും മനസ്സിലാക്കി അതാത് വകുപ്പുകൾ/മിഷനുകൾ/ഏജൻസികൾ സ്വീകരിക്കേണ്ട ഇടപെടലുകൾ നിർവഹിക്കുന്നതിനും, അവ ഉറപ്പുവരുത്തുന്നതിനും വകുപ്പ്/മിഷൻ/ഏജൻസി ചുമതലക്കാർ നേതൃത്വം നൽകണം. കൂടാതെ ഒരു ഉദ്യോഗസ്ഥനെ ഓരോ വകുപ്പിലും/മിഷനുകളിലും/ഏജൻസികളിലും ഏർപ്പെടുത്തണം.

(നടപടി :PD LSGD)

ക്യാമ്പയിൻ പ്രവർത്തനങ്ങൾ quantitative ആയി മെച്ചപ്പെട്ടെങ്കിലും വരും വർഷത്തേക്കുള്ള

ക്യാമ്പയിൻ കർമ്മപരിപാടിയിലൂടെ മാലിന്യമുക്തം നവകേരളം qualitative ആയി കൂടെ മെച്ചപ്പെടുത്തണം എന്നുള്ള ആശയം ഓർമ്മപ്പെടുത്തിക്കൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ യോഗം ഉപസംഹരിച്ചു.

യോഗം ഉച്ചയ്ക്ക് 1.30 ന് സമാപിച്ചു.

–

യോഗത്തിൽ പങ്കെടുത്തവർ:

1. ശ്രീമതി. ശാരദ മുരളീധരൻ IAS, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, & തദ്ദേശ സ്വയംഭരണ വകുപ്പ് (അധിക ചുമതല-മാലിന്യ സംസ്കരണം )
2. ശ്രീ. എം.ജി. രാജമാണിക്യം IAS, പ്രിൻസിപ്പൽ ഡയറക്ടർ, LSGD
3. ശ്രീമതി. ദിവ്യ എസ്. അയ്യർ, പ്രോജെക്റ്റ് ഡയറക്ടർ, KSWMP
4. ശ്രീ. എസ്. സുബ്രഹ്മണ്യൻ, ഐ.ഐ.എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
5. ഡോ. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില
6. ശ്രീമതി. പ്രീത.കെ.എസ് , അഡീഷണൽ സെക്രട്ടറി, LSGD
7. ശ്രീമതി. കെ.എസ്. ബിന്ദു, ഡയറക്ടർ (A/ F), കുടുംബശ്രീ മിഷൻ
8. ശ്രീ. ജി. കെ.സുരേഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, CKCL
9. ശ്രീമതി.ഗംഗ ആർ. എസ്, ഡയറക്ടർ SWM, ശുചിത്വ മിഷൻ
10. ശ്രീമതി. കവിത എസ്, ഡയറക്ടർ LWM, ശുചിത്വ മിഷൻ
11. ശ്രീ. ജഹാൻഗീർ, സെക്രട്ടറി , തിരുവനന്തപുരം കോർപറേഷൻ
12. ശ്രീ. ജി.സുധാകരൻ, PO(H), ശുചിത്വ മിഷൻ
13. ശ്രീ. സന്ദീപ് കെ. ജി, ചീഫ് എഞ്ചിനീയർ,LSGD
14. ശ്രീ. മുഹമ്മദ് ഹൈവെസ്, JD സ്വാഗ് സെൽ PD,LSGD
15. ശ്രീ. അജിത്കുമാർ എം.വി, അഡീഷണൽ ഡയറക്ടർ, LSGD
16. ശ്രീ. സുബോധ്, JD LSGD & DPD KSWMP

17. ശ്രീമതി. സുമിത ജി.കെ, പ്രൊജക്റ്റ് മാനേജർ, ഇമ്പാക്റ്റ് കേരള Ltd.

18. ശ്രീമതി. ശ്രുതി എം.എൽ, പ്രൊജക്റ്റ് മാനേജർ, ഇമ്പാക്റ്റ് കേരള Ltd.

19. ശ്രീമതി. നീതുലാൽ.ബി, ഡയറക്ടർ(ഓപ്പറേഷൻസ്), ശുചിത്വ മിഷൻ

20. ശ്രീ. ഷിജു ചന്ദ്രൻ. ആർ, സീനിയർ കൺസൽട്ടന്റ് (D), ശുചിത്വ മിഷൻ

21. ശ്രീമതി. മായ.എസ്, ഡെപ്യൂട്ടി ഡയറക്ടർ PD, LSGD

22. ശ്രീമതി. ദിവ്യ.ജി, ഡെപ്യൂട്ടി ഡയറക്ടർ, PD, LSGD

23. ശ്രീമതി. രശ്മി മോൾ , ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട

24. ശ്രീ. ശ്രീകാന്ത് എ.എസ്, PO , കുടുംബശ്രീ മിഷൻ

25. ശ്രീ. ഗൗതമൻ. എൻ KAS, DMC -SM , കോഴിക്കോട്

26. ശ്രീ. ജഗജീവൻ. എൻ, ക്യാമ്പയിൻ കൺസൽട്ടൻ്റ്, ശുചിത്വ മിഷൻ

27. ശ്രീ. അബ്രഹാം ടി. രഞ്ജിത്ത് , IEC എക്സ്പെർട്ട്, ശുചിത്വ മിഷൻ

28. ശ്രീ. രഞ്ജിത്ത്.വി, പ്രോഗ്രാം മാനേജർ(MIS), CKCL

29. ശ്രീ. പ്യാരി ലാൽ, നോഡൽ ഓഫീസർ, CKCL

30. ശ്രീ. ആശംസ് ഫിലിപ്പ് , മാനേജർ, CKCL കണ്ണൂർ

31. ശ്രീ. സതീഷ്.ബി, ക്യാമ്പയിൻ സെക്രട്ടേറിയറ്റ്, LSGD

32. ശ്രീ. അനിൽകുമാർ. ആർ, ക്യാമ്പയിൻ സെക്രട്ടേറിയറ്റ്, LSGD

33. ശ്രീ. ബി.സതീശൻ, ക്യാമ്പയിൻ സെക്രട്ടറിയേറ്റ് , ശുചിത്വ മിഷൻ

34. ശ്രീ. അനീഷ് എ, പ്രൊജക്റ്റ് മാനേജർ, IKM

35. ശ്രീ. ഹരികൃഷ്ണൻ കെ.ജി, തിരുവനന്തപുരം കോ-കോർഡിനേറ്റർ, മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

36. ശ്രീ. കെ.കെ. രവി, എറണാകുളം കോ-കോർഡിനേറ്റർ, മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

37. ശ്രീ. ടി. പി. ശ്രീശങ്കർ, കോട്ടയം കോ-കോർഡിനേറ്റർ, മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

38. കുമാരി. ഇന്ദു ഐസക്ക്, SWM Engineer, KSWMP , ACS ഓഫീസ്

39. കുമാരി. നേഹ കുര്യൻ, കോർഡിനേറ്റർ, കില LRC

40. കുമാരി. ആര്യ മോഹൻ, SWAG Cell Intern , PD LSGD (അർബൻ)

41. കുമാരി. അജ്മി ഷാജഹാൻ.എസ്, SWAG Cell Intern , PD LSGD (അർബൻ)

42. ശ്രീ. ശിവജിത്ത്, ട്രെയിനിങ് കോർഡിനേറ്റർ , കില

43. കുമാരി. സുഹാന.ആർ.ഹെച്, പ്രൊജക്റ്റ് അസിസ്റ്റന്റ്, സി.ബി.ശുചിത്വ മിഷൻ

44. കുമാരി. റിൻസി ആർ, YP ,ക്യാമ്പയിൻ സെക്രട്ടറിയേറ്റ് ,ശുചിത്വ മിഷൻ

45. കുമാരി. നിമിഷ കെ, YP ,ക്യാമ്പയിൻ സെക്രട്ടറിയേറ്റ് ,ശുചിത്വ മിഷൻ

46. കുമാരി.അഖില.സി.എൽ, ടെക്നിക്കൽ അസിസ്റ്റന്റ് ,CKCL

47. കുമാരി. ആര്യ സി.വി , സ്റ്റേറ്റ് ആർ.പി, ശുചിത്വ മിഷൻ

48. ശ്രീ. ഹരികൃഷ്ണൻ, സ്റ്റേറ്റ് ആർ.പി, ശുചിത്വ മിഷൻ

49. ശ്രീ. ആരോമൽ എ.എസ് , ഇന്റേൺ, കില

50. കുമാരി. ആൻ മരിയ അനിൽ, അസ്സോസിയേറ്റ്, കില , ACS ഓഫീസ്

M B RAJESH
MINISTER